കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എഴുകോൺ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail: doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.കെ.എൽ.എം.പി.6/58/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

**കൊല്ലം ജില്ല**
തീയതി – 12/05/2020

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
എഴുകോൺ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എഴുകോൺ ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുകോൺ ഗ്രാമ പഞ്ചായത്ത് 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം എഴുകോണ് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എഴുകോൺ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) കൊല്ലം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം.പി.6/58/2020, തിയതി: 12/05/2020

**കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ**

**ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.07.2018 മുതൽ 07.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. സൈമൺ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09-12-2019 മുതൽ 18-12-1029 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. സജികുമാർ<br>ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| | ശ്രീമതി. പത്മകുമാരി.എൽ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ചന്ദ്രപ്രകാശ്. സി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. വിഷ്ണുപ്രിയ. കെ<br>ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അംബികാ സുരേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. ജിജിമോൾ അലക്സ് | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സന്ധ്യ. വി. എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അനൂപ്. ഒ | 01.04.2018 മുതൽ 09.05.2018 വരെ |
| | ഡോ. ഡാലി. എസ്സ് | 10.05.2018 മുതൽ 02.06.2018 വരെ |
| | ഡോ. സ്മിത. ബി. എൻ | 02.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. സൂസൻ ബ്രൂണോ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ദീപ ഗോപിനാഥ് | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സജി. കെ. വി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. എച്ച്. രാധമ്മ | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീമതി. സുശീല. ഇ | 21.06.2018 മുതൽ 31.03.2019 |

| | | |
|---|---|---|
| | | വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശ്രീകുമാരി. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശശികല. എസ്. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അധ്യാപിക | ശ്രീമതി. സോമവല്ലി. എം | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (എഴുകോൺ എ സർക്കിൾ | ശ്രീമതി. ഷീന ഫിലിപ്പ് | 01.04.2018 മുതൽ 04.08.2018 വരെ |
| | ശ്രീമതി. ബിന്ദു. ജെ | 04.08.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (എഴുകോൺ ബി സർക്കിൾ) | ശ്രീ. രാജീവ്. കെ | 01.04.2018 മുതൽ 04.08.2018 വരെ |
| | ശ്രീമതി. ഷൈനി. പി. എസ്സ് | 04.08.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഭാഗം1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| 12 | നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാങ്ക് അക്കൌണ്ടിൽ തുക ശേഷിക്കുന്നു. | 1-12 |
| 13 | കടമുറികളിലെ വാടകകുടിശ്ശിക-ഉപഭോക്താക്കൾ തുക | 1-13 |

| | | |
|---|---|---|
| | അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു | |
| 14 | മൊബൈൽടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ബാക്കിനിൽക്കുന്നു. | 1-14 |
| 15 | വാടക കരാർ പുനർനിർണയിക്കുന്നില്ല | 1-15 |
| 16 | ലേലം അപാകതകൾ | 1-16 |
| 17 | ഡേബുക്കിൽ ചെക്ക് പ്രകാരം വരവ് വന്ന തുകബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല. | 1-17 |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,26,27,471/രൂപാ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | ഐ. കെ എം പ്രവർത്തനങ്ങൾ (27/19) | 1-19 |
| 20 | കേരളാ ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശിക തുക സംബന്ധിച്ച് | 1-20 |
| 21 | വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ | 1-21 |
| 22 | ലൈഫ് ഭവനപദ്ധതി | 1-22 |
| 23 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-23 |
| 24 | പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക പിൻവലിച്ചു | 1-24 |
| 25 | സ്കൂളുകളിലെ പാർക്ക് നിർമ്മാണം പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചകൾ | 1-25 |
| 26 | വിവിധ മരുന്നു വാങ്ങൽ പദ്ധതികൾ മരുന്നുകൾ ലഭ്യമാകാന് ശേഷിക്കുന്നു | 1-26 |
| | ഭാഗം 4 | |
| 27 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 31 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് | 4-8 |

| | | |
|---|---|---|
| | ഖണ്ഡികകളുടെ വിശദാംശം. | |
| 35 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം -2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

26.03.2018 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 22.01.2019ാം തീയതിയിലെ 9ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 01.06.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,03,56,300 |
| വരവ് | 9,39,75,590 |
| ആകെ | 10,43,31,890 |
| ചെലവ് | 8,48,81,470 |
| നീക്കിയിരിപ്പ് | 1,94,50,420 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15009262 | 15009262 | 14572732 | 436530 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10129000 | 10129000 | 8886040 | 1242960 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 304000 | 304000 | 0 | 304000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6804000 | 6804000 | 6775997 | 28003 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3323000 | 3323000 | 2467256 | 855744 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8850393 | 8850393 | 6948525 | 1901868 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 72949 | 2587 | 75536 | 67800 | 7736 |
| ദുരിതാശ്വാസനിധി | | 14648 | 593 | 15241 | 30 | 15211 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 30754817 | 30754817 | 30754817 | |
| | അഡ്മിനിസ്ട്രേറ്റീവ് | 2935 | 563095 | 566030 | 563318 | 2712 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ടി.എസ്.സി) | | 750499 | 1322048 | 2072547 | 0 | 2072547 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (എസ്.എസ്.എ) | | 507454 | 21393 | 528847 | 0 | 528847 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ് ) | | 870808 | 702456 | 1573264 | 745602 | 827662 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (എൻ.ആർ.ഇ.ജി.എ ഓണം അലവൻസ് ) | | 0 | 238000 | 238000 | 238000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2472000 | 28899250 | 31371250 | 30904050 | 467200 |
| | ജില്ലാ പഞ്ചായത്ത് | 0 | 1299725 | 1299725 | 1299250 | 475 |
| ബി ഫണ്ട് | | 0 | 36175700 | 36175700 | 36175700 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 8901477 | 36890625 | 45792102 | 39714631 | 6077471 |
| | ട്രഷറി അക്കൗണ്ട് | 0 | 10093855 | 10093855 | 3603729 | 6490126 |
| മറ്റിനം | | | | | | |

# 1-5 പദ്ധതി അവലോകനം

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 226 | 11,10,49,200 | 167 | 6,64,46,804 | 44 | 15 | 59.84% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,935 | 5,63,095 | 5,66,030 | 5,63,318 | 2,712 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 3,07,54,817 | 3,07,54,817 | 3,07,54,817 | - |
| ആകെ | 2,935 | 3,13,17,912 | 3,13,20,847 | 3,13,18,135 | 2,712 |

# 1-7 ക്ഷേമ പദ്ധതികൾ

**തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,89,000 | 144 |
| കർഷകതൊഴിലാളി പെൻഷൻ | 15,50,400 | 135 |
| വിധവാപെൻഷൻ | 1,09,40,300 | 1,142 |
| വാർദ്ധക്യകാലപെൻഷൻ | 1,95,95,500 | 2,157 |
| വികലാംഗപെൻഷൻ | 34,24,100 | 206 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 3,86,400 | 41 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,138/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുന്നതിനും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്/ഡിഡി എന്നിവയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നു. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. റോഡ്കണക്ടിവിറ്റി പ്ലാൻ ,സോഷ്യൽമാപ്പ് ഇവ കാലികമല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

<u>സ്ഥിരം സമിതികളുടെ പ്രവർത്തനം</u>

ധനകാര്യ സ്ഥിരം സമിതി-

പ്രതിമാസ ചെലവുകൾ കൃത്യമായി പരിശോധിച്ച് അംഗീകരിച്ചുവരുന്നു. നികുതികൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഫലപ്രദമായി ഇടപെടുന്നു. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കൂടി കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

വികസനകാര്യ സ്ഥിരം സമിതി-

വികസനകാര്യ സ്ഥിരം സമിതിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണത്തിനുശേഷം മോണിറ്ററിംഗ് സമിതിയായി മാറി ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണം സംബന്ധിച്ച മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. ഫലപ്രദമായ പദ്ധതി നിർവ്വഹണത്തിന്റെ അനിവാര്യ ഘടകമാണ് മോണിറ്ററിംഗ്. ആയത് കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ഥിരം സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.2019 മുതൽ 17.10.2019 വരെ | 07/2019 മുതൽ 08/2019 വരെ | 15.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.01.2019 മുതൽ 25.01.2019 വരെ | 2013-2014 മുതൽ 2017-2018 വരെ | 21.02.2019 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ.

1. പദ്ധതി വിഹിതം ജനറൽ വരവ് 14572732/- രൂപയിൽ Capital Contribution ആയി 993032/- രൂപ നീക്കിവച്ചു. റവന്യൂ ചെലവുകൾക്കായി ശേഷിക്കുന്ന തുക 13579700/- രൂപയാണെന്നിരിക്കെ 13580438/- രൂപ റവന്യൂ ചെലവിനത്തിൽ വകകൊള്ളിച്ചിരിക്കുന്നു. വ്യത്യാസം 738/- രൂപ.
2. ബാലൻസ് ഷീറ്റ് B9 ഷെഡ്യൂൾ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ജി.ഐ.എസ് ലയബിലിറ്റിയായി 5900/- രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ഒടുക്കിയതുക 5500/- രൂപ വ്യത്യാസം 400/- രൂപ.
3. IOB Own Fund ൽ 2017-18, 2018-19 വർഷം നൽകിയതും പണമാക്കാത്തതുമായ ചെക്കുകൾ Stale Cheque കളായി പരിഗണിച്ചിട്ടില്ല.
4. IOB അക്കൗണ്ടിന്റെ Reconciliation സ്റ്റേറ്റ്മെന്റിൽ

   ചെക്ക് നം 2343174 1.3.19 - 55850/- രൂപ.

- ചെക്ക് നം 8737266 13.3.19 - 2500/- രൂപ.
- ചെക്ക് നം 8737246 7.3.19 - 6250/- രൂപ.
- ചെക്ക് നം 1818076 25.2.19 - 2500/- രൂപ.

എന്നീ തുകകൾ ബാങ്കിൽ Credit വരാൻ ശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത് IOBയിൽ Credit വന്നിട്ടില്ല. ടി. തുകകൾ ട്രഷറി അക്കൗണ്ടിൽ 13.5.19ൽ ഡിപ്പോസിറ്റ് വന്നിട്ടുള്ളതാണ്. അഡ്ജസ്റ്റ്മെന്റ് എന്ട്രി തദനുസരണമായ മാറ്റം അക്കൗണ്ടിൽ വരുത്തേണ്ടതാണ്.

5. IOB യിൽ ചുവടെ ചേർക്കുന്ന തുകകൾ Credit വരാൻ ശേഷിക്കുന്നതായി Reconciliation സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ളത് Credit വന്നിട്ടില്ല.
   Vr.No 1171505000160 31.3.18 8931/-രൂപ
   Vr.No 117020900068 31.3.18 9693/-രൂപ
   Vr.No 117020900069 31.3.18 47500/-രൂപ
   Vr.No 17020900071 31.3.18 324102/-രൂപ
6. കെട്ടിടനികുതി ഡിമാൻറ് കളക്ഷൻ ബാലൻസ് തുകകൾ (അരിയർ & കറൻറ്) റസിഡൻഷ്യൽ &നോൺ റസിഡൻഷ്യൽ എ.എഫ്.എസ് പ്രകാരമുള്ള കണക്കുകൾ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
7. പ്രോജക്റ്റ് നം. 245/18-19 പ്രകാരം സോഷ്യോഇക്കണോമിക്ക് ഫൗണ്ടേഷന് മാലിന്യ സംസ്കരണ പ്ലാൻറ് നിർമ്മാണത്തിനായി അഡ്വാൻസ് ആയി നൽകിയ 286400/- രൂപ ആസ്തിയായി B18 ഷെഡ്യൂളിൽ ഉൽപ്പെട്ടു വന്നിട്ടില്ല.
8. B9 ഷെഡ്യൂളിൽ Gross Salary Payable 3000/-, Net Salary payable 465177/- രൂപയായി കാണിച്ചിരിക്കുന്നു. എന്നാൽ Net Salary Payable 391834/- രൂപയാണ് 04/2019ൽ ഒടുക്ക് വരുത്തിയിട്ടുള്ളത്.
9. ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവ് വന്ന തുക വിവിധ ശീർഷകങ്ങളിൽ വരവായി ഉൽപ്പെടുത്തിയിട്ടുണ്ട്.

## 1-12 നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാങ്ക് അക്കൗണ്ടിൽ തുക ശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജ്ജന്റെ പേരിൽ എഴുകോൺ ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 0303010000153l) 02.11.2019 ൽ 44,571/- രൂപ ശേഷിക്കുന്നുണ്ട്. ഈ തുക ഏത് ഇനത്തിലുള്ളതാണെന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2013-2014 സാമ്പത്തിക

വർഷം മുതൽ ഈ അക്കൗണ്ടിൽ ശേഷിച്ച തുകയാണെന്നും ഏത് ഇനത്തിൽ ലഭിച്ച തുകയാണെന്ന് അറിയാൻ സാധിച്ചില്ല എന്നും താൻ നിർവ്വഹണ ഉദ്യോഗസ്ഥയായി ചാർജ്ജ് ഏറ്റെടുത്ത ശേഷം 25.06.2018ൽ ഇത് സംബന്ധമായി ഗ്രാമ പഞ്ചായത്തിൽ കത്ത് നൽകിയിട്ടും മറുപടി ലഭിച്ചില്ല എന്നും മറുപടി നൽകി. ഈ തുക ഏതിനത്തിൽ ലഭിച്ചതാണെന്ന് ആ വർഷത്തെ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും അറിയേണ്ടതും പദ്ധതി നിർവ്വഹണത്തിനായി വികസന ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് മാറിയിട്ടതാണെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 14/16.12.2019

## 1-13 കടമുറികളിലെ വാടകകുടിശ്ശിക-ഉപഭോക്താക്കൾ തുക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നു

എഴുകോൺ ഗ്രാമപഞ്ചായത്തിൽ താഴെ പ്പറയുന്ന കടമുറികൾ വാടകക്ക് എടുത്ത ഉപഭോക്താക്കൾ വാടക/വാടകയിനത്തിലുള്ള നികുതി എന്നിവ യഥാസമയം അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റൂം നം-48-ഇൻഡ്യൻ ഓവർസീസ് ബാങ്ക്,(എഴുകോൺ)

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റൂം നം-48ൽ നിലവിൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെ എഴുകോൺ ബ്രാഞ്ച് പ്രവർത്തിക്കുന്നു. ജൂലൈ 2017 മുതൽ ഡിസംബർ2 018 വരെയുള്ള വാടകയിനത്തിന്മേലുള്ള ജി.എസ്.ടി തുക 25522/- നാളിതുവരെയായി അടവാക്കിയിട്ടില്ല. വാടക കരാർ പ്രകാരം എല്ലാമാസവും 5ാം തീയതിക്കു മുമ്പായി വാടക ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ എല്ലാ മാസവും അവസാനമാണ് സ്ഥാപനം വാടക ഒടുക്ക് വരുത്തുന്നത്. 7/5/19ൽ ഇ5/290/2018നം കത്ത് പ്രകാരം സെക്രട്ടറി ഐ.ഒ.ബി മാനേജർക്ക് ജി.എസ്.ടി കുടിശ്ശിക, അതാത് മാസത്തെ വാടക 5-ാംതീയതിക്കു മുമ്പ് ലഭ്യമാക്കുക എന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് നൽകിയ എൻക്വയറിക്ക് തിരുവനന്തപുരം മേഖലാകാര്യാലയത്തിലേക്ക് വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്ഥാപനം കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്

2. എഴുകോൺ സി.ഐ ഓഫീസ് -റൂം നം -50

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന എഴുകോൺ സർക്കിൾ ഓഫീസിന്റെ വാടക 2016 മുതൽ കുടിശ്ശികയാണ്. കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കാലയളവ്/കെട്ടിടത്തിന്റെ വാടക | കുടിശ്ശിക തുക | ജി.എസ്.ടി | പിഴപ്പലിശ | ആകെ തുക |
|---|---|---|---|---|---|
| 1 | 1/16മുതൽ3/16വരെ വാടക-1844രൂപ | 5531 | 0 | 2216 | 7747 |
| 2 | 4/16മുതൽ<br>3/17വരെ<br>വാടക-1892/-രൂപ | 22704 | 0 | 7606 | 30310 |
| 3 | 4/17മുതൽ<br>3/18വരെ<br>വാടക-1987/-രൂപ | 23844 | 0 | 5126 | 28970 |
| 4 | 7/17മുതൽ3/18വരെ | 0 | 3222 | 0 | 3222 |
| 5 | 4/18മുതൽ3/19വരെ വാടക-2086/-രൂപ | 25032 | 4500 | 2384 | 31916 |
| | | | | ആകെ | 102165/-രൂപ |

കുടിശ്ശിക അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ജില്ലാപോലീസിന്റെ 17/8/19ലെ ജി-2-4674/2018/ക്യ.ആർ നമ്പർ ഉത്തരവ് പ്രകാരം തുക അനുവദിച്ചെങ്കിലും സംസ്ഥാന പോലീസ് കാര്യാലയത്തിൽ നിന്നും നാളിതുവരെ പ്രസ്തുതഫണ്ട് ലഭ്യമായിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറക്ക് കുടിശ്ശിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. P.W.D റോഡ് സെക്ഷൻ ഓഫീസ് (റൂം നം-49)

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ റൂംനം-49ൽ പ്രവർത്തിച്ച് വരുന്ന P.W.D റോഡ് സെക്ഷൻ ഓഫീസിന്റെ വാടക കുടിശ്ശിക 1993 കാലഘട്ടം മുതൽ നിലവിലുള്ളതാണ്. P.W.D റോഡ് സെക്ഷൻ ഓഫീസിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയ 51.74 ച.മീ. ആണ്. എന്നാൽ നിലവിൽ ഓഫീസ് പ്രവർത്തിക്കുന്ന കാർപ്പെറ്റ് ഏരിയ 98.99 ച.മീ. ആണ്. അധികമായി കാർപ്പെറ്റ് ഏരിയ ഉപയോഗിക്കുന്നതിന് നാളിതുവരെ സർക്കാരിന്റെ അനുമതി നേടിയിട്ടില്ല. മാത്രവുമല്ല 1993 മുതൽ 2018-19 വരെ പ്രസ്തുത ഓഫീസ് പ്രവർത്തിക്കുന്നറൂമിന്റെ വാടക ഒടുക്കിയിട്ടുമില്ല. നാളിതുവരെയുള്ള വാടക കുടിശ്ശിക കണക്കാക്കി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയഎൻക്വയറിക്ക് നൽകിയ മറുപടിയിൽനിരവധി തവണ P.W.D റോഡ്സ് വിഭാഗത്തിന് നോട്ടിസുകൾ നൽകിയിട്ടുള്ളതും ജപ്തി, ആർ.ആർ ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊണ്ടെങ്കിലും നാളിതുവരെ കുടിശ്ശിക ലഭ്യമായിട്ടില്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

21-10-19ലെ vii(1)നം തീരുമാനപ്രകാരം റൂം നം-49 ഒഴിപ്പിക്കുന്നതിനും കുടിശ്ശിക തുക നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഈടാക്കുന്നതിനും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കുടിശ്ശിക തുക പൂർണ്ണമായും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-6 തീയതി-13/12/19

## 1-14 മൊബൈൽടവറുകളുടെ വസ്തുനികുതി -കുടിശ്ശിക ബാക്കിനിൽക്കുന്നു.

പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകൾ നിലവിലുണ്ട്. ഇവയിൽ 2 മൊബൈൽ ടവറുകളുടെ വസ്തുനികുതിയിൽ കുടിശ്ശിക നിലനിൽക്കുന്നു.

കുടിശ്ശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ടവർ നം | ഉടമസ്ഥന്റെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|
| IV/624 | എയർടെൽ ഡിഷ്നെറ്റ് | 2017-18 - 2018-19 | 34680 |
| VII/611 | ബി.എസ്സ്.എൻ.എൽ | 2013-14 - 2018-19 | 208361 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഡിമാന്റ് നോട്ടീസ്, RR ഡിമാന്റ് നോട്ടീസ് എന്നിവ നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി തുക ഒടുക്കിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്യയറി - 9/13.12.2019

## 1-15 ലാന്റ് വാല്യു സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിലെ കാലതാമസം-വാടക കരാർ പുനർനിർണയിക്കപ്പെടുന്നില്ല

എഴുകോൺ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് റവന്യൂ അധികാരികളിൽ നിന്ന് ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിലെ കാലതാമസം കാരണം വാടകകരാർ പുനർനിർണയിക്കാൻ സാധിക്കുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ന്യൂ സ്റ്റാൾ നം-3 (സപ്ലൈകോ മാർക്കറ്റ്), EP V11, 777, 778, 779</u>

നിലവിൽ സപ്ലൈകോ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലം അപര്യാപ്തമായതിനാൽ അതിനോടനുബന്ധിച്ചുള്ള പഞ്ചായത്തിന്റെ കടമുറി വാടകക്ക് നൽകുന്നതിനായി കടമുറിയുടെ വാടക നിജപ്പെടുത്തി നൽകണമെന്ന്

P.W.D എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. വാടക നിർണയിക്കുന്നതിന് തഹസീൽദാർ സാക്ഷ്യപ്പെടുത്തിയ ലാന്റ് വാല്യൂസർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമാകാത്തതിനാൽ P.W.D യിൽ നിന്നും വാടക നിജപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല.

EP V11, 777, 778, 779 എന്നീ കടമുറികളുടെ വാടക കാലാവധി 31/12/15ൽ അവസാനിച്ചെങ്കിലും പുതിയ വാടക നിരക്ക് നിർണയിക്കുന്നതിന് PWD ക്ക് റവന്യൂ അധികാരികളിൽ നിന്ന് ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിനാൽ വാടക പുനർനിർണയിക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ അധികാരികളിൽ നിന്ന് ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലേലം അപാകതകൾ

1. ലേലങ്ങൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നില്ല.

2018-19 വർഷത്തേക്ക് നടന്ന ലേലങ്ങൾ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. എഴുകോൺ പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരം, ആട്ടിറച്ചി വ്യാപാരം, എഴുകോൺ പി. എച്ച് സെന്ററിൽ നിൽക്കുന്ന ഫലവൃക്ഷങ്ങളുടെ മേലാദായം, മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്, ചിറ്റാക്കോട് പഞ്ചായത്ത് വക വസ്തുവിലെ ഫലവൃക്ഷങ്ങളുടെ മേലാദായം, തൃപ്പലഴികം ഏലാറോഡിലെ 2 തെങ്ങുകളിലെ മേലാദായം എന്നീ ലേലങ്ങൾ, 19.03.2018ലെ 12(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു എന്നാണ് ലേല ഡയറിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി തീരുമാനപ്രകാരം കോഴിയിറച്ചി വ്യാപാരലേലം മാത്രമാണ് അംഗീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനമില്ലാതെ ലേലങ്ങൾ സ്ഥിരപ്പെടുത്തിയത് അംഗീകരിക്കാനാകില്ല. മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഗേറ്റ് ഫീസ് പിരിവ് ജി.എസ്സ്.ടി ഈടാക്കിയിട്ടില്ല.

2018-19 വർഷത്തേക്ക് നടന്ന എഴുകോൺ മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് ലേലം 277000 രൂപയ്ക്കാണ് ശ്രീ. സാബു, സ്നേഹാലയം എന്ന വ്യക്തിയ്ക്ക് സ്ഥിരപ്പെടുത്തി നൽകിയത്. എന്നാൽ ഇതിന്റെ ജി.എസ്സ്.ടി ഈടാക്കിയിട്ടില്ല. 18% ജി.എസ്സ്.ടി ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 1-17 ഡേബുക്കിൽ ചെക്ക് പ്രകാരം വരവ് വന്ന തുക ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല

9.08.2019ൽ റെയിൽവേ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ വരവ് വന്ന ചെക്ക നം 344952/30.07.2019 തനത്ഫണ്ട് അക്കൗണ്ടിൽ കളക്ഷന് നൽകിയെങ്കിലും 26.08.2019,03.09.2019 തീയതികളിൽ 'System Rejection' എന്ന കാരണത്താൽ ചെക്ക് റിട്ടേൺ ആകുകയുണ്ടായി. 31.10.2019ന് ചെക്ക് റീവാലിഡേറ്റ് ചെയ്യാനായി ബാങ്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ചെക്ക് റീവാലിഡേറ്റ് ചെയ്ത് സമർപ്പിക്കുന്നതിനായി ദക്ഷിണ റയിൽവേയുടെ മധുര അഡീഷണൽ ഡിവിഷൻ ചീഫ് മാനേജർക്ക് അയച്ചു നൽകിയിട്ടുണ്ട് എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടിൽ തുക വരവുവരുന്നമുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 9/13.12.2019

## 1-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല,26,27,471/രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1. താഴെ വിവരിക്കും പ്രകാരം സ്ട്രീറ്റ് മെയിൻ വലിക്കലുമായി ബന്ധപ്പെട്ട് അസി. എഞ്ചിനീയർ ഓഫീസ്, കേരള സംസ്ഥാന വൈദ്യുത ബോർഡ്, എഴുകോണിൽ തുക ഒടുക്കുവരുത്തിയിട്ടുണ്ട്.

| ക്ര.നം | പ്രോജക്ട് | ഒടുക്കുവരുത്തിയ തുക | ബിൽ നം |
|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻവലിക്കൽ(155/19) | 499821 | 3/18-19,31-05-2018<br>4/18-19,31-05-2018 |
| 2 | എഴുകോൺ കോളന്നൂർ റോഡ് സൈഡിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ(190/19) | 79000 | 21/18-19,15-09-2018 |
| 3 | സുരഭി പാലകോണം റോഡ് സൈഡിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ(191/19) | 50000 | 20/18-19,15-09-2018 |
| 4 | കിളിത്തട്ടിൽ ഭാഗം റോഡ് സൈഡിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ(192/19) | 40000 | 23/18-19,12-11-2018 |
| 5 | മൂന്നാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ | 72570 | 32/26-11-2018 |

| | | | |
|---|---|---|---|
| | വലിക്കൽ(248/19) | | |
| 6 | ഒമ്പതാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ(250/19) | 98388 | 31/26-11-2018 |
| 7 | പതിമൂന്നാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ(251/19) | 104548 | 33/26-11-2018 |
| 8 | ആറാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ(252/19) | 48144 | 34/26-11-18 |
| | ആകെ | 992471 | |

2. കേരള വാട്ടർ അതോറിറ്റി, എക്സി. എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, കൊട്ടാരക്കരയിൽ താഴെ വിവരിക്കും പ്രകാരം തുക ഒടുക്കുവരുത്തിയിരിക്കുന്നു

| ക്ര.നം | പ്രോജക്ട് | ഒടുക്കുവരുത്തിയ തുക | ബിൽ നം |
|---|---|---|---|
| 1 | വാളായിക്കോട് ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(189/19) | 150000 | 15/18-19,15-09-2018 |
| 2 | പോച്ചംകോണം എള്ളുവിള ഭാഗംപൈപ്പ് ലൈൻ എക്സ്റ്റൻഷൻ(193/19) | 145000 | 21/18-19,15-09-2018 |
| 3 | മുക്കണ്ടം തെന്നൂർഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(194/19) | 440000 | 23/18-19,02-11-2018 |
| 4 | കൈലാസ് നഗർ കോട്ടായിക്കോണം പൈപ്പ് ലൈൻ എക്സ്റ്റൻഷന്(195/19) | 70000 | 25/18-19,21-11-2018 |
| 5 | (207/19) പോച്ചംകോണം സ്വപ്ന ക്ലബ്ബ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 130000 | 17/18-19,15-09-2018 |
| | ആകെ | 935000 | |

3. കേരളാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസിൽ താഴെക്കൊടുത്തിരിക്കുന്ന പ്രോജക്ട് പ്രകാരം തുക ഒടുക്കുവരുത്തിയിരിക്കുന്നു

| ക്ര.നം | പ്രോജക്ട് | ഒടുക്കുവരുത്തിയ തുക | ബിൽ നം |
|---|---|---|---|
| 1 | ചിറക്കോണം ഗംഗാ ക്ലബ്ബിനു സമീപം കുഴൽകിണർ സ്ഥാപിക്കൽ(185/19) | 700000 | 24/18-19,21-11-2018 |
| | ആകെ | 700000 | |

ടി മൂന്നു സ്ഥാപനങ്ങളിലുമായി ഒടുക്കുവരുത്തിയിട്ടുള്ള 26,27,471/ രൂപയുടെ പ്രവൃത്തികളുടെ പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 1-19 ഐ. കെ എം പ്രവർത്തനങ്ങൾ (27/19)

ഐ കെ എം ഗ്രൂപ്പ് ഡയറക്ടറുടെ 12-07-2018 ലെ 1544/ഇംപ്ളി-ജിപി 2017ഐകെ എം കത്ത് പ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ 2018 -19 സാമ്പത്തിക വർഷം വരെയുള്ള ഐ കെ എം വിഹിതം 256837 രൂപ താഴെക്കൊടുത്തിരിക്കും പ്രകാരം ആവശ്യപ്പെട്ടു.

| ക്രമ നം. | വർഷം | തുക |
|---|---|---|
| 1 | 2015-16 | 49563 |
| 2 | 2016-17 | 53668 |
| 3 | 2017-18 | 72583 |
| 4 | 2018-19 | 81023 |
| | ആകെ | 256837 |

എന്നാൽ 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോ.നം 39/17 ൽ ഉൾപ്പെടുത്തി 103231/- രൂപ എ കെ എം വിഹിതമായി നല്കിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് നം 27/19 പ്രകാരം ബിൽ നം 12/18-19 തീ 18-08-18 ആയി 150000/- രൂപ പിൻവലിച്ച് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ ഐ കെ എം വിഹിതമായി ഒടുക്കിയിട്ടുണ്ട്.

